

# ധ്വനി

## 2019-2020

# SMHS Marykulam

little KITEs



# യാത്രാമംഗളങ്ങൾ

ദീർഘകാല സേവനത്തിനുശേഷം

സർവീസിൽ നിന്ന് വിരമിക്കു ന്ന ഞങ്ങളുടെ

ഏറ്റവും പ്രിയങ്കരരായ ഹെഡ്മിസ്ട്രസ് സെലിനാ

ടീച്ചറിനും റ്റോമി സാറിനും സി.മരിയായ്ക്കും

**യാത്രാമംഗളങ്ങൾ**



# എഡിറ്റോറിയൽ ബോർഡ്

ശ്രീമതി സെലീന തോമസ്(ഹെഡ്മിസ്ട്രസ്)

സിസ്റ്റർ മറിയമ്മ പി സി(ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്)

ശ്രീമതി റോബി കെ തോമസ് (ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്)

കുമാരി ഷാനി ബിജോയി

കുമാരി കാവ്യ വി ആർ

കുമാരി ജൂബിയ എലിസബത്ത് ബിജു

കുമാരി ജോയന്ന ബി

മാസ്റ്റർ ആദിത്യൻ കെ ബിനു

മാസ്റ്റർ അലൻ ഫ്രാൻസിസ്

# സന്ദേശം

മേരികുളം സെൻറ് മേരീസ് ഹൈസ്കൂളിൽ ലറ്റിൽ കൈറ്റ്സ് ഐ .ടി ക്ലബിൻെറ പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തീരിച്ചിരിക്കുകയാണല്ലോ.ഈ അവസരത്തിൽ **'ധ്വനി'** എന്ന പേരിൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ വളരെ സന്തോഷമുണ്ട്. ഐ .ടി പഠന മേഖലയിൽ നമ്മുടെ കുട്ടികളുടെ മികവ് അഭിനന്ദാർഹമാണ്. ഈ ഡിജിറ്റൽ മാഗസിന് വിജയാശംസകൾ നേരുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

**സ്നേഹപൂർവ്വം**
**ഫാദർ ഫിലിപ് തടത്തിൽ**
**മാനേജർ**

# സന്ദേശം

മേരികുളം സെൻറ് മേരീസ്

ഹൈസ്കൂളിൽ  ലിറ്റിൽ കൈറ്റ്സ് ഐ .ടി

ക്ലബിൻെറ നേതൃത്വത്തിൽ **'ധ്വനി'**

എന്ന  പേരിൽ മാഗസിൻ തയ്യാറാക്കുന്നു

എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു.

ലറ്റിൽ കൈറ്റ്സ് കുട്ടികളുടെ

ശ്രമഫലമായി നിർമ്മിക്കുന്ന ഈ

മാഗസിന് എല്ലാ വിധ

വിജയാശംസകളും നേരുന്നു.



സ്നേഹപൂർവ്വം

സെലീന തോമസ്

ഹെഡ്മിസ്ട്രസ്

# എഡിറ്റോറിയൽ

ഐ റ്റി വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നതാണ് ലിറ്റിൽ കൈറ്റ്സ്. വിശാലമായ അറിവിന്റെ വാതായനങ്ങൾ തുറക്കുവാൻ ലിറ്റിൽ കൈറ്റ്സ് കുട്ടികളെ സഹായിക്കുന്നു.

"സ്വപ്നം കാണുക,സ്വപ്നത്തെക്കുറിച്ച് ചിന്തിക്കുക, ആ സ്വപ്നത്തെ പ്രവർത്തിപഥത്തിലെത്തിക്കുക". (ഡോ. എ.പി ജെ.അബ്ദുൾ കലാം). വലിയ സ്വപ്നങ്ങൾ കാണാൻ കുട്ടികൾക്കാവട്ടെ.ഈ കലാസൃഷ്ടിക്ക് എല്ലാഭാവുകങ്ങളും നേരുന്നു.

സ്നേഹപൂർവ്വം

റോബി കെ. തോമസ് (ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്)

സി.മറിയമ്മ പി സി (ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്)

കൂട്ടുകാരേ,

പച്ചപരവതാനി നിറഞ്ഞ കുന്നുകളും
മലയരുവികളും നിറഞ്ഞ ഇടുക്കി
ജില്ലയിലെ അയ്യപ്പൻകോവിൽ
ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന
മേരികുളം സെന്റ് മേരീസ് ഹൈസ്കൂളിലെ
ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്. ഇതിലെ
അംഗമാകാൻ കഴിഞ്ഞതിൽ എനിക്ക്
വളരെ സന്തോഷമുണ്ട്.'ധ്വനി 'എന്ന
പേരിലുള്ള ഈ മാഗസിൻ
ഞങ്ങൾ സന്തോഷപൂർവ്വം സമർപ്പിക്കുന്നു.

സ്റ്റുഡന്റ് എഡിറ്റർ
ഷാനി ബിജോയി 9 E

# ഇതളുകൾ വിരിയുമ്പോൾ.....


1.എന്താണ് ലിറ്റിൽ കൈറ്റ്സ്

2.മുകിൽക്കിലുക്കങ്ങൾ

3.നിലാവുള്ളരാത്രി

4.വിഡിയോ കോൺഫറൻസിങ്

5.*SMILE*

6.Mother

7.മഹത് വചനങ്ങൾ

8.ഐ ടി അധിഷ്ഠിത
വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം

9.ഐ ടി ക്വിസ്

10.Photo Gallery

11.One day camp

# എന്താണ് ലിറ്റിൽ കൈറ്റ്സ്

അറിവ് മറ്റൊരാളിൽനിന്ന് പകർന്നുകിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസരംഗത്തെ തെല്ലൊന്നുമല്ല മാറ്റിമറിച്ചത്. ഇതിന്റെ തുടർച്ചയായാണ് സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ.ടി.കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നത്.

ലിറ്റിൽകൈറ്റ്സ് പദ്ധതിയിൽ അംഗമായ വിദ്യാർഥിക്ക് പരിശീലനകാലയളവിൽ വൈവിധ്യമാർന്ന പരിശീലനപ്രവർത്തനങ്ങളിലൂടെ കടന്നുപോകാനുള്ള അവസരമാണ് ലഭിക്കുന്നത്. സാങ്കേതികരംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിന് അവസരം നൽകി, ഓരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുന്നതിനാണ് വിവധ വിഷയമേഖലയിലെ പ്രായോഗികപരീശീലനം പരിശീലനപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാഫിക്സ് ആൻഡ് അനിമേഷൻ, സ്കാർച്ച്, പ്രോഗ്രാമിങ്ങ്, പൈത്തൺ, മലയാളം കമ്പ്യൂട്ടിങ്ങ് എന്നിവയിൽ പരിശീലനം ലഭിക്കുന്നു.

കവിത

# **മുകിൽക്കിലുക്കങ്ങൾ**

അരുണൻതൻ ഉഷ്ണത്താൽ

**വെന്തുരുകിയ മണ്ണിൻ ദുരവസ്ഥ-**

**യെൻ കണ്ണിൽ തെളിയവേ!**

ഉടൻമൊഴിഞ്ഞു മുകിൽക്കിലുക്കങ്ങൾ
പൊഴിഞ്ഞു ഭൂമിതൻ മാറിലേക്ക്
വരണ്ടുണങ്ങിയ മുഖത്തെ പുഞ്ചിരിയാൽ
വീണ്ടെടുത്തു തൻ മണിമുത്തുകളാൽ
അറിയാതെപോയ് പച്ചത്തുടുപ്പുകളാ
ശബ്ദസൗന്ദര്യമാധുരിയേ
വെട്ടിത്തിളങ്ങി കുന്നുകൾ കാടുകൾ
ആർത്തുവിളിച്ചു കളിച്ചു പക്ഷികൾ
കണ്ടുമറന്ന മാനത്തെ മഴത്തുള്ളിക്കിലുക്കം
മാഞ്ഞുപോയ് ഉഷ്ണത്തിൻ
തീക്കനലങ്ങനെ, ഉദിച്ചു നീ
നക്ഷത്രപ്പൂമഞ്ഞായി, വന്നു
നീയെൻ വിരൽത്തുമ്പിൽ
ഒപ്പമെത്തീ മന്ദമാരുതനും
വീശിയെൻ നെഞ്ചിലേക്കായി
തിളങ്ങിയ മഞ്ഞിൻ സ്പർശം

ആശ്വാസമേകി തുള്ളികൾ

നനച്ചുവോ പൂമരങ്ങളെ

പൂമഴയായി തഴുകിയേ

അറിയീലവതൻ മുഖങ്ങൾ

മിന്നിയോ മിന്നുവാൻ വിതുമ്പിയോ?

പൊതിഞ്ഞു ഭൂമിയെൻ മാറിൽ
പൊന്നിൻ പൂങ്കുലയായി
പട്ടുടുത്തു പൂക്കൾ
താളത്തിലാടി പുഴകൾ
ആർത്തുപാടി ഇലകൾ
അതേറ്റുപാടി പ്രപഞ്ചം
തിരിച്ചുകിട്ടിയതിൻ സന്തോഷമെന്നു
വലഞ്ഞുനടന്നതീ സുഖം

കണ്ടുകൊതിതീർന്നീലാ........

മണിമുത്തുകളെൻ മുന്നിൽനിന്നകലവേ

മായല്ലേ മറയല്ലേ ദുഃഖത്താൽ പൊഴിയല്ലേ

പൊയ്യുവിതുമ്പിയ മുകിലിനെ

നോക്കി ഞാൻ മൊഴിഞ്ഞു....

കണ്ണിൽ ദുഃഖമെറിഞ്ഞവൾ

കടന്നുപോയേങ്ങോ അകലേ........

# നിലാവുള്ള രാത്രി

നിലാവുള്ള രാത്രിയിൽ കിടക്കുമ്പോൽ
ആ ജാലകം മെല്ലെ തുറന്നു
കറുത്ത ആക്കാശത്തിലെ
നിറയെ നക്ഷത്ര ളെല്ലാം എന്നെ
ചിരിച്ചു കാട്ടുന്നപ്പോലെ എനിക്കുതോന്നി.
ആ രാത്രികളിൽ എൻ മനസ്സിനുയിണം
നൽകാൻ എൻ സ്വപ്നത്തിന്റ ചിലകൾ അറിയാതെ പൂത്തു
എന്റെ നിശ്ചലമായ ഓർമ്മകളിലേക്ക്
ഞാൻ പോയി........
ഓർമ്മപൂക്കളുടെ സുഗന്ധത്തിൽ ഞാൻ
ഉറക്കത്തിലേക്ക് വഴുതി വീണു
എന്താണ് എന്ന് അറിയില്ലാ
നിലാവുള്ള രാത്രിയെ ഞാൻ ആഴത്തിൽ സ്നേഹിച്ചു
പകലിനോട് ഇഷ്ടകുറവുണ്ടായിട്ടല്ലാ
കറുപ്പിനോടിത്തിരി ഇഷ്ടക്കൂടുതലുള്ളതു-
കൊണ്ടായിരിക്കാം ഞാൻ അറിയാതെ ഇഷ്ടപ്പെട്ടുപോയത്
ആ രാത്രിയിൽ എന്റെ സ്വപ്നത്തിനു
ചിറക്കുകൾ വെച്ചതുപോലെ
എന്റെ ഓരോ ഓർമ്മകളും ഞാൻ ഓർത്തു.....
കറുത്ത ആകാശത്തിലെ മിന്നിത്തിളങ്ങുന്ന
നക്ഷത്രങ്ങൾ പോലെയാണ് ചിലസ്വപ്നങ്ങൾ
ആ രാത്രിയുടെ  നിശബ്ദതയിൽ ഞാൻ
ഓരോ ചിറകുവച്ച സ്വപ്നം കണ്ടു
ഓർമ്മകൂട്ടുകൂട്ടിയ മനസ്സിന്റെ തളിർ-
ചില്ലകൾ ഒരായിരം ഓർമ്മകളുമായി
നിദ്രയുടെ നിറമുള്ള ഒരു നൂറ് സ്വപ്നം വന്നെത്തി...

## വിഡിയോ കോൺഫറൻസിങ്

30\09\2019-ന് കൈറ്റ് ഇടുക്കിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട വിഡിയോ കോൺഫറൻസിങ് സെന്റ് മേരിസ് ഹൈസ്കൂൾ മേരികുളത്തിൽ നിന്ന് നാല്പ്പത് കുട്ടികളും ഏഴ് ടീച്ചേഴ്സും പങ്കെടുത്തു കൈറ്റ് മാസ്റ്റർ അതിലൂടെ ഞങ്ങൾക്ക് അമ്മയെ എങ്ങനെ സ്മാർട്ട് അമ്മയാക്കാം എന്ന് ക്ളസെടുത്തു .പതിനാലു സ്കൂളുകൾ ഈ വിഡിയോ കോൺഫറൻസിൽ പങ്കെടുക്കുകയും ചെയ്തു. അത് ഞങ്ങൾക്ക് നല്ലൊരു അനുഭവമായിരുന്നു.

# *SMILE*

*A smile costs nothing but it creates*
*It enriches those who receives it without*
*Improvising those who give it*
*It happens in a flash ,and the memory*
*Of it may last forever*
*Now are so rich that they can get*
*Along without it ,and*
*Non so poor that*
*They cannot be richer for its benefits*
*It creates happiness is the forters*
*Good will in a business and is count*
*Sign of friends*
*It is the rest to the weary*
*Daylight to the discovered*
*Sunshine to be sad ,and natures*
*Best antidote for trouble*
*Yes it cannot be begged , bought borrowed*
*Or stolen , for it is something that is*
*Worth nothing to anyone until to give you*
*A simile give them one of yours*

# MOTHER

To have a mother
Who understands you
Worries above you
Believes in your future

Is your best friend
That is blessing
To have a mother
Who watches over you

Protects you from evil
Helps you through worries
Believes in you
That is blessing

Holds on that happiness
That which love is rare
A mother who lovers you
Who will be at your side

With guidance and advice
That is blessing......

# ഐ ടി അധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം

പാഠപുസ്തകത്തിൽ  അറിവ് മറ്റൊരാളിൽനിന്ന് പകർ
ന്നുകിട്ടുക എന്നതിനപ്പുറം    ഓരോരുത്തരും സ്വയം നിർ
മിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസരംഗത്തെ
തെല്ലൊന്നുമല്ല മാറ്റിമറിച്ചത്. ഇതിന്റെ തുടർച്ചയായാണ്
സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം
ഗുണപരമായും സർഗാത്മകമായും
പ്രയോജനപ്പെടുത്തുന്നതിനായി ലിറ്റിൽ കൈറ്റ്സ്  എന്ന
കുട്ടികളുടെ ഐ.ടി.കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ
കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നത്.

ലിറ്റിൽകൈറ്റ്സ് പദ്ധതിയിൽ അംഗമായ വിദ്യാർ
ഥിക്ക് പരിശീലനകാലയളവിൽ വൈവിധ്യമാർന്ന
പരിശീലനപ്രവർത്തനങ്ങളിലൂടെ കടന്നുപോകാനുള്ള
അവസരമാണ് ലഭിക്കുന്നത്. സാങ്കേതികരംഗത്തെ വിവിധ
മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ
പരിചയപ്പെടുന്നതിന് അവസരം നൽകി, ഓരോ കുട്ടിക്കും
തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം
ജനിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുന്നതിനാണ് വിവധ
വിഷയമേഖലയിലെ പ്രായോഗികപരീശീലനം
പരിശീലനപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
ഗ്രാഫിക്സ്  ആൻഡ് അനിമേഷൻ, സ്ക്രാച്ച്, പ്രോഗ്രാമിങ്,
പൈത്തൺ, മലയാളം കമ്പ്യൂട്ടിങ്ങ് എന്നിവയിൽ പരിശീലനം
ലഭിക്കുന്നു.

# മഹത് വചനങ്ങൾ

അറിവിന്റെ വഴികളിലൂടെ ആത്മീയതയിലേക്ക് അടുത്തുകൊണ്ടിരിക്കുന്ന തീർത്ഥാടനമാണ് വിദ്യാഭ്യാസം.

(ഡോ.എസ്.രാധാക്രിഷ്ണൻ)

അജ്ഞതയുടെ അന്ധകാരത്തിൽനിന്നു മോചനം നേടാത്ത വിദ്യാഭ്യാസം വിദ്യാഭ്യാസമേയല്ല.

(ഗാന്ധിജി)

അജ്ഞാനത്തിന് അറിവില്ലായ്മ എന്നല്ല അർത്ഥം.വിപരീതമായ അറിവ് എന്നാണ് .ഒന്നും അറിയാത്ത അവസ്ഥയേക്കാൾ അപകടകാരിയാണത്

(ശങ്കരാചാര്യർ)

അജ്ഞാനം ഈശ്വരന്റെ ശാപമാണ് .വിജ്ഞാനം സ്വർഗത്തിലേക്കു പറന്നെത്തുന്നതിനുള്ള ചിറകാണ്.

(ഷേക്സ്പിയർ)

അധ്യാപകന്റെ സഹായം കൂടാതെതന്നെ വിദ്യാർത്ഥികളെ വിദ്യാർത്ഥികളെ വിജ്ഞാനസമ്പാദനത്തിന് സജ്ജരാക്കുക എന്ന കലയത്രേ അധ്യാപനം

(എൽബർട്ട് ഹബ്ബാർഡ്)

അധ്യാപകർ രാഷ്ട്രത്തിലെ നല്ല മനസുകളായിരിക്കണം .

(ഡോ.എസ്.രാധാക്രഷ്ണൻ)

അധ്യാപനം എന്ന കല ഒരു പുതിയ ലോകം കണ്ടെത്തുന്നതിനെ സഹായിക്കുകയാണ്

(മാർക്വാൻഡോഴ്ല)

അല്പ ജ്ഞ്നം അപകടമാണെങ്കിൽ അപകടരഹിതനാകാൻ മാത്രം അറിവുള്ളവൻ എവിടെയാണുള്ളത്.

(ഹക്സ്ലി)

അല്പമായ അറിവ് മനുഷ്യനെ ദൈവത്തിൽ നിന്ന് പിടിച്ചകറ്റുമ്പോൾ അഗാധവും വിശാലവുമായ ജ്ഞാനം അവനെ ദൈവത്തിലേക്ക് വലിച്ചടുപ്പിക്കുന്നു.

(ലോർഡ് ബേക്കൺ)

# ഐ ടി ക്വിസ്

*ഇന്ത്യയിൽ ഏതു ദിനപത്രമാണ് 1995ൽ ആദ്യമായി വെബ്സൈറ്റ് ആരംഭിച്ചത് ? **The Hindu**

*ബാങ്കിംഗ് രംഗത്ത് ഒഴിവാക്കാനാവാത്ത പദമാണ് NEFI ഇതിന്റെ പൂർണ രൂപമെന്ത് ?

**Nation Electronic Funds Transfer**

*ഇന്റെർനെറ്റിലേക്കുള്ള അപ്ലോഡ് ഡൗൺലോഡ് വേഗതയുമായി ബന്ധപ്പെട്ട് നാം ഉപയോഗിക്കുന്ന MbpS എന്ന യൂണിറ്റിന്റെ പൂർണ്ണരൂപമെന്ത് ?

**Mega bytes per second**

*ഡാറ്റാബേസുമായി സംമ്പദിക്കാൻ ഉപയോഗിക്കുന്ന ക്വറി ഭാഷയാണ് MYSQL എന്താണ് ഇതിന്റെ പൂർണ്ണരൂപം ?

**My structured Query Language**

*LED പ്രകാശം ഉപയോഗപ്പെടുത്തി ഡാറ്റ കൈമാറ്റം ചെയ്യുന്ന വയർലെസ് സങ്കേതിക വിദ്യ ഏതാണ് ?

**LIFI**

*ഉപയോക്കതാകളിൽ വിവരങ്ങൾ അടിസ്ഥാനമാക്കി ഭൂപടം തയ്യാറാക്കുന്ന സമ്പ്രദായം ഏത് ?

കൊളാബറേറ്റീവ് മാപ്പിംഗ്

*'Father of computer graphics' കമ്പ്യൂട്ടർ ഗ്രാഫിക്സിന്റെ പിതാവ് എന്ന പേരിൽ പ്രശസ്തനായ വ്യക്തി ആര് ?

**Ivan sutherland**

*IMEI എന്നതിന്റെ പൂർണ്ണ രൂപം എന്ത് ?

**International mobile equipment identity**

pngtree.com

# എന്റെ അമ്മ സ്മാർട്ടമ്മ

30\10\2019 വൈകിട്ട് 3:00 മണി ആയപ്പോൾ പ്രാർത്ഥനയോടെ ക്യാമ്പ് ആരംഭിച്ചു. ക്യാമ്പ് നേതൃത്വം നൽകിയത് ബ്ലസി സിസ്റ്റർ ആയിരുന്നു. ഐ.റ്റി ക്ലബിലെ അംഗങ്ങളുടെ അമ്മമാർ ഈ ക്യാമ്പിൽ വന്ന് സഹകരിച്ചു. എല്ലാ അംഗങ്ങളുടെയും അമ്മമാരുടെ കൈയിൽ സ്മാർട്ട് ഫോൺ ഉണ്ടായിരുന്നു. അമ്മമാരുടെ സ്മാർട്ട് ഫോണിൽ വിക്ടേഴ്സ്,സമക്രാ എന്ന ആപ്പുകൾ ഇൻസ്റ്റാൾ ചെയ്തു. സ്മാർട്ട് ഫോണിൽ ക്യു.ആർ കോട് വച്ച് സ്ക്യാൻ ചെയ്യാൻ അവരെ പഠിപ്പിച്ചു. ദേശീയഗാനത്തോടെ 4:00 മണിക്ക് ക്യാമ്പ് അവസാനിച്ചു.



# Our School Campus










# Little KITEs Members





# Preliminary Camp for STD VIII






# എന്റെ അമ്മ സ്മാർട്ടമ്മ










# One Day Camp For STD IX





# വൺ ഡേ ക്യാമ്പ്

05\10\2019 സെന്റ് മേരിസ് ഹൈ സ്കൂൾ മേരികുളം ഐ.റ്റി ക്ളബിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട വൺ ഡേ ക്യാമ്പ് രാവിലെ 9:30 ന് പ്രാർ ത്ഥനയോടെ തുടങ്ങുകയും. ബ്ലസി സിസ്റ്റർ സ്വാഗതം പറയുകയും ചെയ്യ്തു. അഭയ്ദേവ് എന്ന കൈറ്റ് മാസ്റ്റർ ക്ലാസ്സ് എടുക്കുകയും ആനിമേഷനും,സ്ക്രാച്ചും ഞങ്ങളെ ചെയ്യിപ്പിച്ചു. ആനിമേഷനിൽ നിന്നും സ്ക്രാച്ചിൽ നിന്നും നന്നായി ചെയ്യുന്ന എട്ട് കുട്ടികളെ സ്റ്റേറ്റ് ലെവലിലേക്ക് തിരഞ്ഞെടുത്തു .സ്കൂളിൽ നിന്ന് ഞങ്ങൾക്ക് ഉച്ചഭക്ഷണം ലഭിച്ചു. വൈകുന്നേരം 4:00 മണിക്ക് ദേശീയഗാനത്തോടെ ക്യാമ്പ് അവസാനിച്ചു.

© Copyright 2011 www.sparklebox.co.uk

# Thank You...